# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702

2020 ഫെബ്രുവരി 4

# വാർത്താക്കുറിപ്പ്

## 'ഗ്യാനി'ൽ മഹാത്മാ ഗാന്ധി സർവകലാശാലയും

ദീർഘകാല രാജ്യാന്തര അക്കാദമിക സഹകരണം ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയം നടപ്പാക്കുന്ന ഗ്ലോബൽ ഇനീഷ്യേറ്റീവ് ഓഫ് അക്കാദമിക് നെറ്റ്‌വർക്ക് (ഗ്യാൻ) പദ്ധതിയിൽ മഹാത്മാഗാന്ധി സർവകലാശാലയും.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള പ്രമുഖ വിദ്യാഭ്യാസ, ശാസ്ത്രപഠനകേന്ദ്രങ്ങളിലെ അധ്യാപകരെയും ശാസ്ത്രജ്ഞരെയും പങ്കെടുപ്പിച്ച് സ്‌പെഷലൈസ്ഡ് കോഴ്‌സുകളും പരിപാടികളും നടത്തുന്നതിനായി സർവകലാശാല ഗ്യാനിൽ സമർപ്പിച്ച ഒരു കോഴ്‌സിനും പ്രോഗ്രാമിനും അംഗീകാരമായതായി വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. മഹാത്മാ ഗാന്ധി സർവകലാശാല ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്‌സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്‌നോളജിയും അമേരിക്കയിലെ നോർത്ത് ടെക്‌സാസ് ഹെൽത്ത് സയൻസ് സെന്റർ സർവകലാശാലയും സംയുക്തമായി നടത്തുന്ന 'റെസ്‌പോൺസിബിൾ കണ്ടക്ട് ഓഫ് റിസർച്ച് - ആൻ ഓവർവ്യൂ ഓഫ് എത്തിക്കൽ പ്രിൻസിപ്പിൾസ് ഫോർ സയന്റിഫിക് റിസർച്ചേഴ്‌സ്' എന്ന കോഴ്‌സിനും സ്‌കൂൾ ഓഫ് ബയോസയൻസസും അമേരിക്കയിലെ അഗ്രിക്കൾച്ചർ ആന്റ് അഗ്രികൾച്ചർ റിസർച്ച് സർവീസ് വകുപ്പും സംയുക്തമായി 'മൈക്രോബയൽ മോഡലിംഗ് ഓഫ് പാതജൻസ് ഇൻ ഫുഡ്‌സ് ആന്റ് യു.എസ്.ഡി.എ. പാതജൻ മോഡലിംഗ് പ്രോഗ്രാം ആപ്ലിക്കേഷൻസ് ഇൻ എൻഷുറിംഗ് സേഫ്റ്റി ഓഫ് ഇന്ത്യൻ ഫുഡ് സപ്ലൈ' എന്ന വിഷയത്തിൽ നടത്തുന്ന ശിൽപ്പശാലയ്ക്കുമാണ് അനുമതി ലഭിച്ചത്.

പ്രൊഫ. നന്ദകുമാർ കളരിക്കൽ, ഡോ. മായ നായർ എന്നിവർക്കാണ് കോഴ്‌സ് ചുമതല. പ്രൊഫ. എം.ജിഷ, ഡോ. വിജയ് ജുനേജ എന്നിവരുടെ നേതൃത്വത്തിലാണ് ശില്പശാല സംഘടിപ്പിക്കുക. നാക് എ ഗ്രേഡ് (സ്‌കോർ 3.0ന്റെ മുകളിലുള്ള) സർവകലാശാലകൾക്കാണ് ഗ്യാൻ പദ്ധതിയിൽ അപേക്ഷിക്കാനാവുക. സ്‌പെഷലൈസ്ഡ് കോഴ്‌സിനായി ഉന്നത നിലവാരത്തിൽ തയാറാക്കുന്ന പാഠ്യസാമഗ്രികൾ 'സ്വയം', 'എം.ഒ.ഒ.സി.', ദേശീയ ഡിജിറ്റൽ ലൈബ്രറി, മഹാത്മാ ഗാന്ധി സർവകലാശാല വെബ്‌സൈറ്റ് എന്നിവ വഴി ഇന്ത്യയൊട്ടാകെയുള്ള വിദ്യാർഥികൾക്കും അധ്യാപകർക്കും ലഭ്യമാകുമെന്ന് പ്രൊഫ. സാബു തോമസ് പറഞ്ഞു.

സയൻസ്, സോഷ്യൽ സയൻസ്, മാനേജ്‌മെന്റ് സയൻസ്, എജ്യുക്കേഷൻ, ടൂറിസം എന്നീ മേഖലകളിൽ രാജ്യാന്തര സഹകരണത്തോടെ കോഴ്‌സുകൾ സംഘടിപ്പിക്കുന്നതിന് 31 പദ്ധതികൾ എം.ജി. സമർപ്പിച്ചിട്ടുണ്ട്. ഖരഗ്പൂർ ഐ.ഐ.ടി.യാണ് ഗ്യാനിന്റെ ദേശീയ കോ-ഓർഡിനേറ്റർ.

(പി.ആർ.ഒ/39/173/2020)

## അപേക്ഷ തീയതി നീട്ടി

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്. യു.ജി. പരീക്ഷയിൽ പരാജയപ്പെട്ട വിദ്യാർഥികൾക്ക് പിഴയില്ലാതെ ഫെബ്രുവരി ആറുവരെയും 525 രൂപ പിഴയോടെ 11 വരെയും 1050 രൂപ സൂപ്പർഫൈനോടെ 12 വരെയും സർവകലാശാല പോർട്ടലിലൂടെ അപേക്ഷിക്കാം. വിദ്യാർഥികൾ പേപ്പറൊന്നിന് 35 രൂപ വീതം (സെമസ്റ്ററിന് പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസടയ്ക്കണം. കൂടാതെ രജിസ്‌ട്രേഷൻ ഫീസായി 55 രൂപയും പരീക്ഷഫീസിന് പുറമെ അടയ്ക്കണം. ഇന്റേണൽ മൂല്യനിർണയ റീഡു പരീക്ഷയ്ക്ക് അപേക്ഷിക്കുന്നവർ പേപ്പറൊന്നിന് 105 രൂപ വീതം അടയ്ക്കണം. പ്രൊജക്ട് മൂല്യനിർണയത്തിന് 100 രൂപ പ്രൊജക്ട് ഇവാല്യുവേഷൻ ഫീസടയ്ക്കണം. പരീക്ഷ തീയതി പിന്നീട്.

(പി.ആർ.ഒ/39/174/2020)

## പരീക്ഷഫലം

2019 ജനുവരിയിൽ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എഡ്. (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/175/2020)

2019 സെപ്തംബറിൽ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ നടന്ന ഒന്നാം സെമസ്റ്റർ എം.ഫിൽ കെമിസ്ട്രി (ഇൻ ഓർഗാനിക്, ഓർഗാനിക്, ഫിസിക്കൽ പോളിമർ - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/176/2020)

2019 സെപ്തംബറിൽ നടന്ന ഒൻപതാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.കോം. എൽ.എൽ.ബി. (ഓണേഴ്സ്- റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 18 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/177/2020)

## പ്രവേശന പരീക്ഷയും മുഖാമുഖവും ഫെബ്രുവരി 10ന്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ലെറ്റേഴ്സിലെ 2019-20 എം.ഫിൽ ഇംഗ്ലീഷ്, മലയാളം, തീയേറ്റർ ആർട്സ് കോഴ്സുകളിലേക്കുള്ള പ്രവേശനപരീക്ഷയും മുഖാമുഖവും 2020 ഫെബ്രുവരി 10ന് രാവിലെ 10 മുതൽ നടക്കും. അപേക്ഷകർ ഹാൾടിക്കറ്റും അനുബന്ധരേഖകളുമായി എത്തണം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ. ഫോൺ: 0481-2731041.

(പി.ആർ.ഒ/39/178/2020)

## സീനിയർ സോഫ്റ്റ്വെയർ ഡെവലപ്പർ വോക്-ഇൻ-ഇന്റർവ്യൂ

മഹാത്മാ ഗാന്ധി സർവകലാശാലയിൽ കരാറടിസ്ഥാനത്തിൽ സീനിയർ സോഫ്റ്റ്വെയർ ഡെവലപ്പർ തസ്തികയിൽ താൽക്കാലിക നിയമനം നടത്തുന്നതിനുള്ള വോക്-ഇൻ-ഇന്റർവ്യൂ ഫെബ്രുവരി 11ന് രാവിലെ 10.30ന് നടക്കും. ഒരു വർഷത്തേക്കാണ് നിയമനം. പ്രായം 2020 ജനുവരി ഒന്നിന് 18-36 (എസ്.സി./എസ്.ടി., ഒ.ബി.സി.ക്കാർക്ക് നിയമാനുസൃത ഇളവ് ലഭിക്കും) സർവകലാശാലയിൽ പ്രവൃത്തിപരിചയമുള്ളവർക്ക് ഒരു വർഷത്തെ സർവീസിന് ഒരു വർഷത്തെ പ്രായ ഇളവ് (പരമാവധി അഞ്ച് വർഷം) ലഭിക്കും. 30000 രൂപ പ്രതിഫലം ലഭിക്കും. യോഗ്യത: കമ്പ്യൂട്ടർ സയൻസ്, ഇൻഫർമേഷൻ ടെക്നോളജി എന്നിവയിൽ ബി.ഇ./ബി.ടെക് അല്ലെങ്കിൽ കമ്പ്യൂട്ടർ സയൻസസിൽ 60 ശതമാനം മാർക്കോടെ എം.സി.എ./എം.എസ്സി. സർവകലാശാല/ഗവൺമെന്റ് സ്ഥാപനങ്ങൾ/ഐ.ടി. ഇൻഡസ്ട്രി എന്നിവിടങ്ങളിൽ പൈഥോൺ, ആംഗുലർ ജെ.എസ്., പി.എച്ച്.പി., ജാവ, ആൻഡ്രോയ്ഡ് പ്രോഗ്രാമുകളിൽ അഞ്ചുവർഷത്തെ പ്രവൃത്തിപരിചയം വേണം. ആർ.എച്ച്.സി.ഇ. സർട്ടിഫിക്കേഷൻ/എസ്.സി.ജെ.പി./സർവകലാശാല സേവനം അഭികാമ്യം. താല്പര്യമുള്ളവർ രാവിലെ 9.30ന് പ്രായം, ജാതി, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ അസലും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും ബയോഡാറ്റയും സഹിതം സർവകലാശാല ഭരണവിഭാഗത്തിലെ എഡി. എ4 സെക്ഷനിൽ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് എത്തണം.

(പി.ആർ.ഒ/39/179/2020)

## ഉപന്യാസ രചന മത്സരം

'പരിസ്ഥിതി സൗഹൃദം, സുസ്ഥിര വികസനം - നവകേരളം എന്റെ കാഴ്ചപ്പാടിൽ' എന്ന വിഷയത്തിൽ വിദ്യാർഥികൾക്കായി മഹാത്മാ ഗാന്ധി സർവകലാശാല ഉപന്യാസ രചന മത്സരം സംഘടിപ്പിക്കുന്നു. മഹാത്മാ ഗാന്ധി സർവകലാശാല പഠനവകുപ്പുകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും യു.ജി., പി.ജി., എം.ഫിൽ, പിഎച്ച്.ഡി. വിദ്യാർഥികൾക്ക് പങ്കെടുക്കാം. മലയാളത്തിലാണ് ഉപന്യാസം തയാറാക്കേണ്ടത്. പത്ത് പുറത്തിൽ കവിയരുത്. രചനകൾ മൗലികമായിരിക്കണം. വിദ്യാർഥി പഠിക്കുന്ന കോളേജ്/സ്ഥാപനമേധാവി നൽകിയ സാക്ഷ്യപത്രം രചനയ്ക്കൊപ്പം സമർപ്പിക്കണം. ആദ്യ മൂന്ന സ്ഥാനം നേടുന്നവർക്ക് പ്രശസ്തിപത്രവും ഉപഹാരവും നൽകും. രചനകൾ ഫെബ്രുവരി 19ന് വൈകീട്ട് അഞ്ചിനകം പബ്ലിക് റിലേഷൻസ് ഓഫീസർ, പ്രിയദർശിനി ഹിൽസ് പി.ഒ., മഹാത്മാ ഗാന്ധി സർവകലാശാല, കോട്ടയം - 686560 എന്ന വിലാസത്തിൽ തപാലിലോ നേരിട്ടോ നൽകണം. രചനകൾ അയയ്ക്കുന്ന കവറിനുപുറത്ത് 'ഉപന്യാസ മത്സരം 2020' എന്നെഴുതണം. വിശദവിവരത്തിന് ഫോൺ: 0481-2733298.

(പി.ആർ.ഒ/39/180/2020)

## പിഎച്ച്.ഡി. നൽകി

മലയാളത്തിൽ ധന്യ എസ്. പണിക്കർ, എം.അർച്ചന, ഇക്കണോമിക്സിൽ സുമിത ഫ്രാങ്ക്ളിൻ, ഏജിൽ ജോയ്, എം.എച്ച്. ഷാനിബ, ആൻസി അന്ത്രയോസ്, ഇംഗ്ലീഷിൽ സി.ആർ. സുനിത, വി.എ. മിനിമോൾ, നിമ്മി കെ. സൈമൺ, സോഷ്യോളജിയിൽ കെ.എസ്. ഷൈജു, കൊമേഴ്സിൽ ഫൈറൂസ്

അഷ്റഫ്, റോണി ജെയിൻ രാജു, എ.എസ്. സുജിഷ, ടി.എ. ഫാത്തിമ, ഷീബ ചാണ്ടി, കെ.എം. സെഫിയ, ഹിന്ദിയിൽ ജി.ആർ. ദീപ, ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിൽ റിഗി ഇടിക്കുള, കെമിസ്ട്രി (നാനോ സയൻസ് ആന്റ് നാനോടെക്നോളജി)യിൽ അന്ന സുരേന്ദ്രൻ, കെ. ബിസി, എൻവയൺമെന്റൽ സയൻസസിൽ കെ. രവികുമാർ, ബയോകെമിസ്ട്രിയിൽ പി.എ. ഷെറീന, കെമിസ്ട്രിയിൽ മഞ്ജുഷ ഹരിഹരൻ എന്നിവർക്ക് പി.എച്ച്.ഡി. നൽകാൻ മഹാത്മാ ഗാന്ധി സർവകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചു.

(പി.ആർ.ഒ/39/181/2020)

## സിൻഡിക്കേറ്റ് യോഗം

മഹാത്മാ ഗാന്ധി സർവകലാശാല സിൻഡിക്കേറ്റിന്റെ യോഗം ഫെബ്രുവരി 15ന് രാവിലെ 10.30ന് സർവകലാശാല ഭരണവിഭാഗത്തിലെ സിൻഡിക്കേറ്റ് ഹാളിൽ നടക്കും.

(പി.ആർ.ഒ/39/182/2020)

## Mahatma Gandhi University in GIAN

The Global Initiative of Academic Networks (GIAN) is a catalytic programme of the Ministry of Human Resource Development, Government of India one with potentially far reaching impact. It is intended to enlarge and deepen the interface of India's institutions of higher learning and globally recognised institutions of academic eminence. The faculty from highly rated institutions abroad will visit India, interact and partner with their counterparts and with students, and deliver specialised courses. Most importantly, the GIAN programme offers a basis and a platform for a long-term cooperation. University which are in top 200 in NIRF overall rankings and having at least NAAC 'A' grade (3.0 and above) can apply to join the GIAN Scheme.

The Mahatma Gandhi University met all the eligibility criteria to join GIAN programme under the leadership of Prof. Sabu Thomas, the Honourable Vice Chancellor. The Mahatma Gandhi University has applied for 31 courses with International collaborations in Science, Social sciences, Management, Education and Tourism. The courses are under review at IIT Karagpur, the National Coordinator, GIAN.

The Apex body of GIAN has sanctioned the first course of Mahatma Gandhi University " Responsible Conduct of Research –An Overview of Ethical Principles for Scientific Researchers" jointly developed by International and Inter University Centre for Nanoscience and Nanotechnology, Mahatma Gandhi University and the University of North Texas Health Science Centre, United States of America. The course will be led by Prof. Nandakumar Kalarikkal, Director & Professor International and Inter University Centre for Nanoscience and Nanotechnology &Director & Chair, School of Pure and Applied Physics, Mahatma Gandhi University & Dr. Maya Nair, Associate Director, Environmental Health and safety, University of North Texas Health Science Centre, USA. This course will provide an overview of all the major components of responsible conduct of research. Students will learn the skills of ethical analysis essential to making moral choices and have the opportunity for critical reflection on one's personal values and obligations as a scientist.

The second sanctioned programme is a workshop on "Microbial Modelling of Pathogens in Foods and USDA-Pathogen Modelling Program's Applications in Ensuring Safety of Indian Food Supply" jointly crafted by Prof. Jisha M. S School of Biosciences, Mahatma Gandhi University and Dr. Vijay Juneja, Microbiologist and Lead Scientist United States Department of Agriculture & Agriculture Research Service, USA. This workshop will provide attendees with an excellent opportunity to learn the most important microbiological safety issues facing the food industry on a global scale enhance and update knowledge of predictive microbiology, and learn new approaches for modelling food borne pathogens.

High quality course materials in niche areas would be made available to the students and teachers across the country through the SWAYAM, the MOOCs platform, National Digital Library and website of Mahatma Gandhi University. The tentative date and schedule will be notified soon.

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ